LIBRARY ARCHIVES Kerala Legislative Assembly

## ഇ-ടഷറി പദ്ധതി

208 (183) ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ടഷറി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിയ്ക്കാനുദ്ദേശിയ്ക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) സർക്കാരിലേക്കുള്ള പണം ഒടുക്കലുകളും സർക്കാരിൽനിന്ന് പണം നൽകലും ഓൺലൈനായി നിർവ്വഹിക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ-ടഷറി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ടഷറി സന്ദർശിക്കാതെ തന്നെ ലോകത്തെവിടെനിന്നും ഏതു സമയത്തും ഓൺലൈനായി ഗവൺമെന്റിലേക്ക് പണമടയ്ക്കുവാൻ ഇതുവഴി സാധിക്കുന്നു. സർക്കാരിൽനിന്നും നൽകുന്ന പണം ഗുണഭോക്താക്കളുടെ ടഷറി/ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് സംവിധാനം വഴി നൽകുന്നതിനും ഇ-ടഷറി വഴി കഴിയുന്നതാണ്. പണം കൈമാറ്റത്തിൽ ഇലക്ട്രോണിക് സംവിധാനം നടപ്പിൽ വരുത്തണമെന്ന കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നിർദ്ദേശങ്ങളും ഇ-ടഷറി സംവിധാനം വഴി പ്രാപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ടഷറി സംവിധാനത്തിന്റെ വിശദമായ നടപടിക്രമങ്ങൾ 30-7-2014-ലെ സ.ഉ. (പി) നമ്പർ 310/2014/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യാതൊരുവിധ സർവ്വീസ് ചാർജ്ജുകളോ അധിക ചാർജ്ജുകളോ ഇല്ലാത്ത ഇ-ടഷറി സംവിധാനം തികച്ചും സുതാര്യവും സൗകര്യപ്രദവുമാണ്. എസ്.ബി.റ്റി., എസ്.ബി.ഐ., കാനറാ ബാങ്ക് എന്നീ മൂന്ന് ഏജൻസി ബാങ്കുകളെയായിരുന്നു തുടക്കത്തിൽ ഇ-ടഷറിയുമായി ബന്ധിപ്പിച്ചിരുന്നത്. ഇ-ടഷറി സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യമൊരുക്കുന്നതിനുമായി 9 ബാങ്കുകളെക്കൂടി ഇ-ടഷറി സംവിധാനത്തിൽ ഉൾപ്പെടുത്തി 28-2-2014-ലെ സ.ഉ. (പി) നമ്പർ 89/2014/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെറ്റ് ബാങ്കിംഗ് അക്കൗണ്ടില്ലാത്തവർക്ക് ഇ-ടഷറി സംവിധാനം ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ അക്ഷയ സെന്ററുകളെ ഇ-ടഷറി സംവിധാനം വഴി പണമടയ്ക്കുന്നതിലേക്കായി 27-6-2015-ലെ സ.ഉ. (സാധാ) നമ്പർ 258/15/ധന പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്.